©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3 / Vol. III | തിരുവനന്തപുരം, വെള്ളി / Thiruvananthapuram, Friday | 2014 ജനുവരി 31 / 31st January 2014 / 1189 മകരം 18 / 18th Makaram 1189 / 1935 മാഘം 11 / 11th Magha 1935 | നമ്പർ / No. 363 |

## കേരള സർക്കാർ

### സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 5/2014/സാം.കാ.വ. തിരുവനന്തപുരം, *2014 ജനുവരി 27. 1189 മകരം 14.*

**എസ്. ആർ. ഒ. നമ്പർ 85/2014.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തകക്ഷേമനിധി ബോർഡിന്റെ ചെയർമാനായി പ്രവർത്തിക്കുന്ന ശ്രീ. പി. റ്റി. കുഞ്ഞുമുഹമ്മദിനെ (കൊച്ചുപള്ളിയിൽ ഹൗസ്, ചക്കുംകണ്ടം പി. ഒ., ഗുരുവായൂർ) പൊതുതാൽപര്യം പരിഗണിച്ച് ഔദ്യോഗിക സ്ഥാനത്തുനിന്നും 2011 സെപ്റ്റംബർ 13-ാം തീയതി നീക്കം ചെയ്തിട്ടുള്ളതിനാൽ, തൽസ്ഥാനത്തേയ്ക്ക് പ്രസ്തുത ആക്ടിന്റെ 8-ാം വകുപ്പ് (5)-ാം ഉപവകുപ്പ്

പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ബോർഡിന്റെ ചെയർമാനായി ശ്രീ. ജി. സുരേഷ് കുമാറിനെ (2-ഡി, റോയൽ പാം, തൈക്കാട്, തിരുവനന്തപുരം) നിയമിക്കുകയും 2013 ഡിസംബർ 12-ാം തീയതിയിലെ ജി.ഒ. (എം എസ്.) നമ്പർ 50/2013/സാം.കാ.വ. ഉത്തരവായി പുറപ്പെടുവിച്ചതും, 2013 ഡിസംബർ 21-ാം തീയതിയിലെ 3551-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 997/2013 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിന് താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തുകയും ചെയ്യുന്നു, അതായത് :—

പ്രസ്തുത വിജ്ഞാപനത്തിൽ,—

(i) ഇനം 1-ഉം അതിനു നേരെയുള്ള ഉൾക്കുറിപ്പുകളും നീക്കം ചെയ്യേണ്ടതാണ്;

(ii) അവസാനത്തെ ഖണ്ഡികയിൽ "ശ്രീ. പി. റ്റി. കുഞ്ഞുമുഹമ്മദിനെ" എന്നീ വാക്കുകൾക്കും, അക്ഷരങ്ങൾക്കുംപകരം "ശ്രീ. ജി. സുരേഷ് കുമാറിനെ" എന്നീ വാക്കുകളും, അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

ഈ വിജ്ഞാപനം 2011 സെപ്റ്റംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണിജോർജ്, IAS,

*സാംസ്കാരികകാര്യ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2013 ഡിസംബർ 12-ാം തീയതിയിലെ, സ.ഉ. (എം.എസ്.) 50/2013/സാം.കാ.വ. നമ്പരായി പുറപ്പെടുവിച്ചതും, 2013 ഡിസംബർ 21-ാം തീയതിയിലെ 3551-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 997/2013 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം വഴി, 2011 ഫെബ്രുവരി 14-ാം തീയതി മുതൽ പ്രാബല്യത്തോടുകൂടി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും, ശ്രീ. പി. റ്റി. കുഞ്ഞുമുഹമ്മദിനെ ബോർഡിന്റെ ചെയർമാനായി നിയമിക്കുകയും ചെയ്തിരുന്നു. ശ്രീ. പി. റ്റി. കുഞ്ഞുമുഹമ്മദിനുപകരം ശ്രീ. ജി. സുരേഷ് കുമാറിനെ 13-9-2011 മുതൽ പ്രാബല്യത്തോടെ ചെർമാനായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.